# <u>പത്രക്കുറിപ്പ്</u>

എക്സൈസ് വകുപ്പിൽ വനിതാ സിവിൽ എക്സൈസ് ഓഫീസർ (നേരിട്ടുള്ളത്) (കാറ്റഗറി നമ്പർ. 501/17) എൻ.സി.എ (കാറ്റഗറി നമ്പർ. 196/18 മുതൽ 205/18 – വിവിധ ജില്ലകൾ) എന്നീ തസ്തികകളുടെ ചുരുക്കപ്പട്ടികയിലുൾപ്പെട്ട ഉദ്യോഗാർത്ഥികൾക്കുള്ള എൻഡ്യൂറൻസ് ടെസ്റ്റ് 2020 ജനുവരി 20 മുതൽ വിവിധ ജില്ലകളിൽ നടത്തുന്നതാണ്. ഉദ്യോഗാർത്ഥികൾക്കുള്ള അഡ്മിഷൻ ടിക്കറ്റ് അവരുടെ പ്രൊഫൈലിൽ ലഭ്യമാക്കുകയും രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ നമ്പറിൽ മെസ്സേജ് നൽകുകയും ചെയ്തിട്ടുണ്ട്. മേൽ പറഞ്ഞ രണ്ട് തെരഞ്ഞെടുപ്പിന്റെയും (കാറ്റഗറി നമ്പർ. 501/17) (കാറ്റഗറി നമ്പർ. 196/18 മുതൽ 205/18 വരെ) ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ കാറ്റഗറി നമ്പർ. 501/17 ന് അപേക്ഷിച്ചിട്ടുള്ള ജില്ലയിൽ പങ്കെടുക്കുകയും, ഉൾപ്പെട്ടിട്ടുള്ള എൻ.സി.എ തെരഞ്ഞെടുപ്പ് സംബന്ധിച്ച് ഒരു സത്യവാങ്മൂലം എൻ.സി.എ തെരഞ്ഞെടുപ്പിനുള്ള അഡ്മിഷൻ ടിക്കറ്റിന്റെ പകർപ്പ് സഹിതം പൂരിപ്പിച്ച് നൽകേണ്ടതാണ്. അഡ്മിഷൻ ടിക്കറ്റുകളുടെ പകർപ്പും (നേരിട്ടുള്ളതിന്റെയും, എൻ.സി.എ യുടെയും) ഒരു അംഗീകൃത തിരിച്ചറിയൽ കാർഡിന്റെ അസ്സലും സഹിതം ഉദ്യോഗാർത്ഥികൾ അനുവദിയ്ക്കപ്പെട്ടിരിക്കുന്ന തീയതിയിലും സമയത്തും സ്ഥലത്തും എൻഡ്യൂറൻസ് ടെസ്റ്റിനായി ഹാജരാകേണ്ടതാണ്.

സെക്രട്ടറി
കേരള പബ്ലിക് സർവീസ് കമ്മീഷൻ